ഉത്തരം

(എ, ബി) 2002-03 വർഷം മുതൽ പലിശ സബ്സിഡി നൽകുന്നില്ല. അതുവരെ 114 യൂണിറ്റുകൾക്കായി 38.52 ലക്ഷം രൂപ പലിശ സബ്സിഡിയായി നൽകിയിട്ടുണ്ട്.

(സി) സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 2001-02-ൽ 50 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നു. പിന്നീട് തുകയൊന്നും വകയിരുത്തിയിട്ടില്ല.

(എഫ്) 46 ലക്ഷം രൂപ കൊടുക്കാനുണ്ട്.

(ജി) ഇതിലേക്കായി 130 ലക്ഷം രൂപ വേണ്ടിവരും.

(എച്ച്) ഈ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

മന്ത്രിമാരുടേയും ഐ.എ.എസ്., ഐ.പി.എസ്. വകുപ്പ് ഉദ്യോഗസ്ഥൻമാരുടേയും ദുർവ്യയം കുറയ്ക്കുന്നതിനുള്ള നടപടികൾ

78 [5808] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മന്ത്രിമാരുടേയും ഐ.എ.എസ്., ഐ.പി.എസ്. മറ്റ് വകുപ്പ് തലവൻമാരുടേയും ദുർവ്യയം കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ദുർവ്യയം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ ചുമതലപ്പെട്ട ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റേയും മറ്റ് വകുപ്പുകളിലെ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെയും പരിശോധന റിപ്പോർട്ടുകൾ ഗവൺമെന്റ് പരിശോധിക്കാറുണ്ടോ;

(സി) ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനാറിപ്പോർട്ടിൻമേൽ ഗവൺമെന്റ് തുടർനടപടികൾ സ്വീകരിക്കാറുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) ദുർവ്യയം കുറയ്ക്കാൻ സ്വീകരിച്ച നടപടികളുടെ ഭാഗമായി എത്ര കോടി രൂപയുടെ ലാഭം ഗവൺമെന്റിനുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദവിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടേയും ഐ.എ.എസ്., ഐ.പി.എസ്. മറ്റ് വകുപ്പ് തലവൻമാരുടേയും വിമാനയാത്ര, വാഹന ഉപയോഗം എന്നീ ഇനങ്ങളിലും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ സെല്ലുലാർ ഫോൺ ഉപയോഗത്തിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വ്യയനിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ ക്രമക്കേടുകളോ സർക്കാരിന് നഷ്ടം വരുത്തിയതായ കാര്യങ്ങളോ കണ്ടെത്തിയാൽ ഉത്തരവാദികളായ വർക്കെതിരെ നടപടികൾ കൈക്കൊള്ളുവാൻ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് ബന്ധപ്പെട്ട ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുകയാണ് പതിവ്. റിപ്പോർട്ടിൻമേൽ നടപടികൾ കൈക്കൊള്ളേണ്ടത് ഭരണ വകുപ്പുകളാണ്. ഭരണ വകുപ്പ് കൈക്കൊള്ളുന്ന നടപടികളുടെ വിവരങ്ങൾ ധനകാര്യ (ഇൻസ്പെക്ഷൻ) വിംഗ് സമയാസമയങ്ങളിൽ അവലോകനം നടത്താറുണ്ട്.

(ഇ, എഫ്) കണക്കാക്കിയിട്ടില്ല.

ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ വികസനത്തിനും ജീവനക്കാരുടെ ശമ്പളത്തിനും ലഭിച്ച ഗ്രാന്റ്

79 [5813] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ വികസനത്തിനും ജീവനക്കാരുടെ ശമ്പളത്തിനും മറ്റുമായി എന്തു തുക ഗ്രാന്റായി ലഭിച്ചു;

(ബി) ഇതിൽ എത്ര തുക വികസനത്തിനായി ചെലവഴിച്ചുവെന്നും ഏതൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ;

(സി) മ്യൂസിയം ഗാലറിയുടെ വികസനത്തിന് ഗ്രാന്റിൽ നിന്നും തുക വകയിരുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) എഴുപത്തിയഞ്ചു ലക്ഷം രൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly